**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 47 29.06.16-ലെ മറുപടിക്ക്**

## "വാണിജ്യ നികുതി വെട്ടിപ്പ്"

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുരളി പെരുനെല്ലി<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. കെ.ഡി.പ്രസേനൻ<br>ശ്രീ. വി. അബ്ദുറഹിമാൻ | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വാണിജ്യ നികുതിയിൽ വെട്ടിപ്പ് നടക്കുന്ന പ്രധാന ചരക്കുകളും സേവനങ്ങളും ഏതൊക്കെയാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നികുതി വെട്ടിപ്പിന് സാധ്യത ഏറെയായി വകുപ്പ് കണ്ടെത്തിയിട്ടുള്ള ചരക്കുകൾ താഴെപ്പറയുന്നവയാണ്. |

| Sl. No. | Commodities |
|---|---|
| 1 | Marble Slabs and Tiles |
| 2 | Granite Slabs and Tiles |
| 3 | Ceramic Floor and Wall Tiles including witrified tiles. |
| 4 | Glass Sheets |
| 5 | Cuddapah stones, kotta stones any other similar stones and slabs. |
| 6 | Readymix concrete |
| 7 | Generator whether assembled or not. |
| 8 | Timber |
| 9 | Live chicken and chicken Meat. |
| 10 | Bitumen. |
| 11 | TMT bars, MS rods, MS wires, Tor steel, Corrosive resistant Steel Bars, MS Flats and MS angles. |

ഇത് കൂടാതെ സ്വർണ്ണം, കശുവണ്ടി, പ്ലൈവുഡ് നിർമ്മാണ

| | | | |
|---|---|---|---|
| | | | സാമഗ്രികൾ റെഡിമെയിഡ് മേഖലകളിലും നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ നികുതി കുറയുന്ന മേഖലകൾ കണ്ടെത്തി പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കുന്നതിനും വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) | സ്വർണ്ണാഭരണ രംഗത്ത് നടക്കുന്ന വ്യാപാരം എത്രയെന്നതിന് ഏതെങ്കിലും വിശ്വസനീയമായ കണക്കുകൾ ലഭ്യമാണോ; അതിനനുസൃതമായി നികുതി ലഭിക്കാത്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിൽ മൊത്തം നടക്കുന്ന സ്വർണ്ണ വ്യാപാരത്തിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ഈയിടെ E&Y നൽകിയ റിപ്പോർട്ട് പ്രകാരം ഇത് 77000/- കോടി രൂപയോളമാണ്. സ്വർണ്ണ വ്യാപാരത്തിൽ ഉപയോഗിക്കപ്പെടുന്ന സ്വർണ്ണത്തിന്റെ സിംഹഭാഗവും അനധികൃത മാർഗ്ഗങ്ങളിലൂടെ എത്തുന്നവയാണ് വിമാനത്തിലും ട്രെയിനിലുമായി കണക്കിൽപ്പെടാത്ത ധാരാളം സ്വർണ്ണം ബോംബെ, കൽക്കത്ത എന്നീ സ്ഥലങ്ങളിൽ നിന്നും സ്വർണ്ണാഭരണ വ്യാപാരസ്ഥാപനങ്ങളിൽ എത്തുന്നുണ്ട്. ഇത്തരം അന്യ സംസ്ഥാന വ്യാപാരസ്ഥാപനങ്ങളുമായുള്ള കരാർ പ്രകാരം അവർ സ്വർണ്ണം അവരുടെ ഉത്തരവാദിത്വത്തിൽ സ്ഥാപനങ്ങളിൽ എത്തിച്ചുകൊടുക്കണം. ഇത്തരം ആഭരണങ്ങൾ ഒരു കണക്കിലും പെടാതെ വ്യാപാരം നടക്കുകയാണ് ചെയ്യുന്നത്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ഇത്തരത്തിൽ അനധികൃതമായി കൊണ്ടുവരുന്ന സ്വർണ്ണം കണ്ടെത്തുന്നുണ്ട്. എന്നാൽ ഇത് ഇത്തരത്തിലുള്ള സ്വർണ്ണവ്യാപാരത്തിന്റെ ഒരു തുച്ഛമായ ഭാഗം മാത്രമാണ് ചെറിയ ബാഗുകളിൽ കൊണ്ടുവന്ന് വിൽപന നടത്താവുന്ന സാധനമായതിനാൽ |

<table>
<tr><td></td><td></td><td></td><td>ഇത്തരം കള്ളക്കടത്തുകൾ കണ്ടെത്തുക വളരെ ദുഷ്കരമാണ്.</td></tr>
<tr><td>(സി)</td><td>സ്വർണ്ണ വ്യാപാരത്തിലൂടെ കഴിഞ്ഞ അഞ്ചുവർഷം ലഭിച്ച നികുതിയെത്ര യെന്ന് വെളിപ്പെടുത്താമോ;</td><td>(സി)</td><td>സ്വർണ്ണ വ്യാപാത്തിലൂടെ കഴിഞ്ഞ അഞ്ചു വർഷം ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>സ്വർണ്ണ വ്യാപാരത്തിലൂടെ ലഭിച്ച വരുമാനം (തുക കോടിയിൽ)</th></tr>
<tr><td>2011-12</td><td>302.2</td></tr>
<tr><td>2012-13</td><td>393.54</td></tr>
<tr><td>2013-14</td><td>471.53</td></tr>
<tr><td>2014-15</td><td>456.76</td></tr>
<tr><td>2015-16</td><td>541.7</td></tr>
</table></td></tr>
<tr><td>(ഡി)</td><td>നികുതി ചോർച്ച തടയാൻ പുതുതായി എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>നികുതി ചോർച്ച തടയാൻ വാഹന പരിശോധന കർശനവും ശക്തവുമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നികുതി വെട്ടിപ്പിനു സാധ്യതയുള്ള മേഖലകൾ നിരീക്ഷണത്തിന് വിധേയമാക്കി കട പരിശോധന കൂടുതൽ ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.</td></tr>
</table>

**സെക്ഷൻ ഓഫീസർ.**